**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2641** **07-07-2022 - ൽ മറുപടിയ്ക്ക്**

**മുൻ സഹകാരികൾക്ക് ധനസഹായം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | അവശരായ മുതിർന്ന മുൻ സഹകാരികളുടെ ചികിത്സാ സഹായത്തിനും ക്ഷേമത്തിനുമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | സഹകരണ മേഖലയുടെ പുരോഗതിക്കു വേണ്ടി പ്രവർത്തിച്ചവരും, സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഉള്ള സഹകരണ സംഘങ്ങളിൽ രണ്ട് തവണയെങ്കിലും അംഗമായവരും ഇപ്പോൾ അവശത അനുഭവിക്കുന്നവരും, വാർഷിക വരുമാനം 3,00,000/- രൂപയിൽ (മൂന്ന് ലക്ഷം) താഴെയുള്ളവരുമായ സഹകാരികൾക്ക് 'സഹകരണ നവരത്നം കേരളീയം അശരണരായ സഹകാരികൾക്കുള്ള ആശ്വാസഫണ്ട്' പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതാണ്.<br><br>പദ്ധതിപ്രകാരം ധനസഹായത്തിന് അപേക്ഷിക്കുന്നവർ സഹകരണ മേഖലയിലെ പ്രവർത്തന വൈകല്യംമൂലം ഒരുവിധ നടപടിയും നേരിടാത്തവർ ആയിരിക്കണം.<br><br>മേൽ പ്രകാരമുള്ള വിഭാഗത്തിൽപ്പെടുന്ന സഹകാരികൾക്ക് ചികിത്സയ്ക്കായി പരമാവധി 50,000/-രൂപയും സഹകാരികൾ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക്/ ആശ്രിതർക്ക് പരമാവധി 25,000/- രൂപയും ധനസഹായം ലഭിക്കുന്നതാണ്. |
| (ബി) | സംഘത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനും സംഘത്തെ നല്ല നിലയിൽ എത്തിക്കാനും ശ്രമിച്ച മുൻസഹകാരികൾക്ക് പ്രതിമാസ ധനസഹായം നൽകാൻ നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ? | (ബി) | സംഘത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനും സംഘത്തെ നല്ല നിലയിൽ എത്തിക്കാനും ശ്രമിച്ച മുൻസഹകാരികൾക്ക് പ്രതിമാസ ധനസഹായം നൽകാൻ നിലവിൽ പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ